# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

18.03.2015-ലെ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **2191**

### നികുതി വർദ്ധന

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.കെ.നാരായണൻ** | **ശ്രീ. കെ.എം. മാണി**<br>(ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി) |
| **എ)** ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് എന്തിനെല്ലാം നികുതി വർദ്ധിപ്പിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ; | **എ)** വില്പന നികുതിയിനത്തിൽ പാൻമസാല, പാൻ ചട്ട്ണി എന്നിവയുടെ നികുതി നിരക്ക്, ആഡംബര കാറുകളുടെ വിൽപനയിന്മേലുള്ള സെസ്സ്, സാമൂഹ്യ സുരക്ഷാ സെസ്സ്, സിഗററ്റിന്റെയും സമാന ഉത്പന്നങ്ങളുടെയും നികുതിനിരക്കുകൾ, ക്രഷർ മെറ്റൽ, പ്ലാസ്റ്റിക് ബാഗുകൾ, പ്ളാസ്റ്റിക് കപ്പുകൾ, പ്ലാസ്ററിക് ഇലകൾ, പ്ളേറ്റുകൾ എന്നിവയുടെ നികുതി നിരക്കുകൾ, വിദേശ മദ്യത്തിന്റെ നികുതിയിന്മേലുള്ള സാമൂഹ്യ സുരക്ഷാ സെസ്സ് എന്നിവ പേപ്പർ ലോട്ടറികളുടെ നറുക്കെടുപ്പിന്മേലുള്ള നികുതി, വെളിച്ചെണ്ണ ഒഴികെയുള്ള എല്ലാ ഭക്ഷ്യ എണ്ണകളുടെ നികുതിയും, യു.പി.എസ്, അലൂമിനിയം കോമ്പോസിറ്റ് പാനൽ, മാനുഫാക്ച്ചേർഡ് സാൻഡ് , ഇന്ത്യൻ നിർമ്മിത മദ്യത്തിന്റെ സർചാർജ്ജും, ക്യാന്റീൻ സ്റ്റോഴ്സ് മുഖേന വിൽക്കുന്ന വിദേശ മദ്യത്തിന്റെ നികുതിയും അതോടൊപ്പം കെയ്സിന് 400 രൂപയിൽ കൂടുതൽ വാങ്ങൽ വിലയുള്ള വിദേശ മദ്യത്തിന്റെ നികുതി നിരക്കും, ബിയർ ആന്റ് വൈനിന്റെ നികുതി നിരക്കും കരാർ പണിക്കാരുടെ കോമ്പൗണ്ടിംഗും വർദ്ധിപ്പിച്ചു.<br><br>എക്സൈസ് വകുപ്പിൽ വിവിധയിനത്തിലുള്ള ലൈസൻസ് ഫീസുകളും ലൈസൻസ് വ്യവസ്ഥകൾ ലംഘിക്കുന്നതിനുള്ള പിഴകളും ഉൾപ്പെടെയുള്ള നികുതികളാണ് വർദ്ധിപ്പിച്ചിട്ടുള്ളത്. പാർട്നർഷിപ്പ് പുന:സംഘടനയ്ക്കുള്ള ഫീസ് , കണ്ടുകെട്ടിയ സ്പിരിറ്റിന്റെ വില, ബാറുകളുടെ ലൈസൻസു ഫീസ്, വിദേശമദ്യം വിതരണം ചെയ്യുന്നതിനുള്ള നിലവിലുള്ള ഫീസ്, റസ്റ്റോറന്റുകളിൽ ഹോട്ടൽ താമസക്കാർ അല്ലാത്തവർക്ക് മദ്യം |

വിളമ്പുന്നതിനുള്ള നിലവിലുള്ള ഫീസ്, ബാറുകളിൽ അഡിഷണൽ കൗണ്ടറുകൾ തുറക്കുന്നതിനുള്ള ഫീസ്, വിശേഷാവസരങ്ങളിൽ മദ്യം വിളമ്പുന്നതിനുള്ള നിലവിലുള്ള ഫീസ്, ലേബൽ അപ്രൂവൽ ഫീസ്, വിദേശ ബ്രാൻഡുകൾക്കുള്ള ബ്രാൻഡ് രജിസ്ട്രേഷൻ ഫീസ്,ട്രാൻസിറ്റ് പെർമിറ്റ് ഫീസ് എന്നിവ വർദ്ധിപ്പിച്ചിട്ടുണ്ട്.

മോട്ടോർ വാഹന വകുപ്പിൽ ആഡംബര മോട്ടോർ സൈക്കിളുകളുടെയും, മോട്ടോർ കാറുകളുടെയും സ്വകാര്യ ആവശ്യത്തിനുപയോഗിക്കുന്ന പ്രൈവറ്റ് സർവ്വീസ് വാഹനങ്ങളുടെയും ഒറ്റത്തവണ നികുതി, പഴയ മോട്ടോർ ക്യാബുകളുടെയും ടൂറിസ്റ്റ് മോട്ടോർ ക്യാബുകളുടെയും വാർഷിക നികുതിയും, സംസ്ഥാനത്തിനകത്ത് സർവ്വീസ് നടത്തുന്ന പുഷ് ബാക്ക്, സ്ലീപ്പർ ബെർത്ത് ഉള്ള ആഡംബര കോൺട്രാക്ട് ക്യാരേജുകളുടെ നികുതി നിരക്ക് വർദ്ധിപ്പിച്ചു. പുതിയ മോട്ടോർ ക്യാബുകൾക്കും ടൂറിസ്റ്റ് മോട്ടോർ ക്യാബുകൾക്കും അവയുടെ വാങ്ങൽ വിലയുടെ അടിസ്ഥാനത്തിൽ ഒറ്റത്തവണ നികുതിയും, കാരാവാൻ/ക്യാമ്പർ വാനുകൾക്കും, ജനറേറ്റർ/ കംപ്രസ്സർ/റിഗ്ഗ് വാഹനങ്ങൾക്കും പുതുക്കിയ നികുതിയും, സംസ്ഥാനത്തിന് പുറത്തുനിന്നു വരുന്നതായ കോൺട്രാക്ട് ക്യാരേജ് വാഹനങ്ങൾക്ക് പുതിയ നികുതി നിരക്കും ഏർപ്പെടുത്തി.

റവന്യൂ വകുപ്പിൽ കെട്ടിട നികുതി, ആഡംബര നികുതി, ഭൂനികുതി, തോട്ടനികുതി എന്നിവ വർദ്ധിപ്പിച്ചിട്ടുണ്ട്.

രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ അനുബന്ധം - 1 ആയി ചേർക്കുന്നു.

**ബി)** ഇതിൽ ഏതെങ്കിലും നികുതികൾ പിന്നീട് ഏതെങ്കിലും സന്ദർഭങ്ങളിൽ കുറച്ചുകൊടുക്കുകയോ, ഒഴിവാക്കിക്കൊടുക്കുകയോ ചെയ്തിട്ടുണ്ടോ ;

**സി)** ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം പ്രത്യേകം വിശദമാക്കാമോ ;

ബി യും & സി യും ഉണ്ട്. മെറ്റൽ ക്രഷർ, മാനുഫാക്ചേർഡ് സാൻഡ് എന്നിവയുടെ കോമ്പൌണ്ടഡ് നികുതി നിരക്കുകളിൽ ഭേദഗതി 2014 ലെ ധനകാര്യ ബില്ലിൽ കൊണ്ടുവന്നിരുന്നു. ഇപ്രകാരം ഏർപ്പെടുത്തിയ കോമ്പൌണ്ടഡ് നികുതി നിരക്കുകൾ പൊതുവേ ഉയർന്നതാണെന്ന പരാതി പരിശോധിച്ച് വകുപ്പുതല കമ്മിറ്റി നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലഘൂകരിക്കുകയും അപ്രകാരം ധനകാര്യ നിയമം പാസാക്കുകയും ചെയ്തു.

രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ അനുബന്ധം -II ആയി ചേർക്കുന്നു.

റവന്യൂ വകുപ്പും എക്സൈസ് വകുപ്പും വർദ്ധിപ്പിച്ച നികുതികൾ കുറച്ചു കൊടുക്കുകയോ ഒഴിവാക്കികൊടുക്കുകയോ ചെയ്തിട്ടില്ല.

| | |
|---|---|
| ഡി) ഓരോ പ്രാവശ്യവും ഉണ്ടായിരുന്ന നികുതി വർദ്ധി എത്ര ശതമാനമാണെന്ന് പ്രത്യേകം വിശദമാക്കാമോ ? | മെറ്റൽ ഉൽപ്പാദിപ്പിക്കുന്ന മെറ്റൽ ക്രഷർ യൂണിറ്റുകൾക്കുള്ള കോമ്പൗണ്ടിംഗ് നിരക്ക് ധനകാര്യ ബിൽ 2014 പ്രകാരം താഴെപ്പറയും വിധം പരിഷ്കരിച്ചിരുന്നു. |

30.48 സെ. മീ. x 22.86 സെ.മീ. ൽ കൂടുതൽ വായ് വട്ടം ഇല്ലാത്ത ക്രഷറുകളുടെ നികുതി നിരക്ക് 120000 രൂപയായി ഉയർത്തി. 30.48 സെ. മീ. x 22.86 സെ.മീ. ൽ കൂടുതൽ വായ് വട്ടം ഉള്ളതും 40.64 സെ. മീ. x 25.40 സെ. മീ. കവിയാത്തതുമായ ക്രഷറുകളുടെ നികുതി നിരക്ക് 4,80,000 രൂപയായി ഉയർത്തി. ഇതിനു മുകളിൽ വായ് വട്ടം ഉള്ള ക്രഷറുകൾക്ക് 9,60,000 രൂപയും കോൺ ക്രഷറുകളുടെ കോമ്പൗണ്ടിംഗ് നികുതി 54 ലക്ഷം രൂപയുമായി ഉയർത്തി. പിന്നീട് , കേരള ധനകാര്യ നിയമം 2014 പാസ്സാക്കിയപ്പോൾ ഇവയുടെ കോമ്പൗണ്ടിംഗ് നികുതി നിരക്ക് താഴെപ്പറയും വിധം കുറയ്ക്കുകയുണ്ടായി.

30.48 സെ. മീ. x 22.86 സെ.മീ. ൽ കൂടുതൽ വായ് വട്ടം ഇല്ലാത്ത ക്രഷറുകളുടെ നികുതി നിരക്ക് 80,000 രൂപയാക്കി. 30.48 സെ. മീ. x 22.86 സെ.മീ. ൽ കൂടുതൽ വായ് വട്ടം ഉള്ളതും 40.64 സെ. മീ. x 25.40 സെ. മീ. കവിയാത്തതുമായ ക്രഷറുകളുടെ നികുതി നിരക്ക് 3.20 ലക്ഷം രൂപയാക്കി. ഇതിനു മുകളിൽ വായ് വട്ടം ഉള്ള ക്രഷറുകൾക്ക് 6.40 ലക്ഷം രൂപയും കോൺ ക്രഷറുകളുടെ കോമ്പൗണ്ടിംഗ് നികുതി 36 ലക്ഷം രൂപയുമായി കുറച്ചു.

മണൽ ഉൽപ്പാദിപ്പിക്കുന്നതിനായി ഉപയോഗിക്കുന്ന vertical shaft impacter / horizontal shaft impacter എന്ന യന്ത്ര സാമഗ്രിയുടെ ഉൽപ്പാദനക്ഷമതയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിരക്കിൽ കോമ്പൗണ്ടിംഗ് നികുതി മാനുഫാക്ചേർഡ് സാൻഡിന് കേരള ധനകാര്യ ബിൽ 2014 പ്രകാരം ഏർപ്പെടുത്തുകയുണ്ടായി .

മണിക്കൂറിൽ 50 മെട്രിക് ടൺ ഉൽപ്പാദനക്ഷമതയുള്ളതിന് - 25 ലക്ഷം രൂപ

മണിക്കൂറിൽ 50 മെട്രിക് ടണ്ണിന് മുകളിൽ 100 മെട്രിക് ടൺ വരെ - 45 ലക്ഷം രൂപ

മണിക്കൂറിൽ 100 മെട്രിക് ടണ്ണിന് മുകളിൽ 150 മെട്രിക് ടൺ വരെ - 65 ലക്ഷം രൂപ

മണിക്കൂറിൽ 150 മെട്രിക് ടണ്ണിന് മുകളിൽ 200 മെട്രിക് ടൺ വരെ - 90 ലക്ഷം രൂപ
മണിക്കൂറിൽ 200 മെട്രിക് ടണ്ണിന് മുകളിൽ - 1.40 കോടി രൂപ

പിന്നീട് , കേരള ധനകാര്യ നിയമം 2014 പാസ്സാക്കിയപ്പോൾ ഇവയുടെ കോമ്പൗണ്ടിംഗ് നികതി നിരക്ക് താഴെപ്പറയും വിധം കുറയ്ക്കുകയുണ്ടായി.

മണിക്കൂറിൽ 25 മെട്രിക് ടൺ ഉൽപ്പാദനക്ഷമതയുള്ളതിന് - 6.25 ലക്ഷം രൂപ
മണിക്കൂറിൽ 25 മെട്രിക് ടണ്ണിന് മുകളിൽ 50 മെട്രിക് ടൺ വരെ - 12.50 ലക്ഷം രൂപ
മണിക്കൂറിൽ 50 മെട്രിക് ടണ്ണിന് മുകളിൽ 100 മെട്രിക് ടൺ വരെ - 22.50 ലക്ഷം രൂപ

മണിക്കൂറിൽ 100 മെട്രിക് ടണ്ണിന് മുകളിൽ 150 മെട്രിക് ടൺ വരെ - 32.50 ലക്ഷം രൂപ
മണിക്കൂറിൽ 150 മെട്രിക് ടണ്ണിന് മുകളിൽ 200 മെട്രിക് ടൺ വരെ - 45 ലക്ഷം രൂപ

മണിക്കൂറിൽ 200 മെട്രിക് ടണ്ണിന് മുകളിൽ - 60 ലക്ഷം രൂപ

മോട്ടോർ വെഹിക്കിൾ വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ലക്ഷ്വറി ടാക്സികൾക്ക് രണ്ട് വർഷത്തേക്ക് 12,000/- രൂപ എന്ന് ഏർപ്പെടുത്തിയ നികുതി, മോട്ടോർ ക്യാബുകൾക്ക് വർഷം 1400/- രൂപ, ടൂറിസ്റ്റ് മോട്ടോർ ക്യാബുകൾക്ക് 1700/- രൂപ എന്ന നിരക്കിലേക്ക് മാറ്റി.

2. ഓട്ടോറിക്ഷകളുടെ ലംസം ടാക്സ് 2500/- രൂപയായി വർദ്ധിപ്പിച്ചത് 2000/- രൂപയായി നിലനിർത്തി.
3. വാഹനങ്ങളുടെ പർച്ചേയ്സ് വാല്യൂ കണക്കാക്കുന്നതിന് വാറ്റ്, സെസ്, കസ്റ്റംസ് ഡ്യൂട്ടി എന്നിവ ഒഴിവാക്കിയുള്ള തുകയ്ക്ക് ആനുപാതികമായി ഒറ്റത്തവണ നികുതിയുടെ നിരക്ക് വർദ്ധിപ്പിച്ചിരുന്നു എങ്കിലും പിന്നീട് വാറ്റ്, സെസ്, കസ്റ്റംസ് ഡ്യൂട്ടി എന്നിവ ഉൾപ്പെടുത്തി പർച്ചേയ്സ് വാല്യൂ പുനർ നിർവ്വചിച്ചതിന്റെ അടിസ്ഥാനത്തിൽ വർദ്ധിപ്പിച്ച നികുതി നിരക്ക് പിൻവലിച്ചു
4. 3,000 കിലോഗ്രാം വരെ രജിസ്റ്റേർഡ് ലാഡൻ വെയിറ്റ് ഉള്ള ചരക്കു വാഹനങ്ങൾക്ക് നിർബന്ധമാക്കിയ ലംസം ടാക്സ് വാഹന ഉടമകളുടെ ഇഷ്ടാനുസരണം ഒരു വർഷത്തേയ്ക്കോ 5 വർഷത്തേയ്ക്കോ അടയ്ക്കാമെന്ന് ഭേദഗതി വരുത്തി.

5. സംസ്ഥാനത്തിനകത്ത് സർവ്വീസ് നടത്തുന്ന പുഷ് ബാക്ക് സീറ്റ് ഉള്ള കോൺട്രാക്ട് ക്യാരേജുകളുടെ ത്രൈമാസ നികുതി സീറ്റ് ഒന്നിന് 1000/- രൂപയായി വർദ്ധിപ്പിച്ചത് 12 യാത്രക്കാർ വരെയുള്ള വാഹനങ്ങൾക്ക് സീറ്റ് ഒന്നിന് 500/- രൂപയും 12 – ന് മുകളിൽ യാത്രക്കാർ വരെ ഉള്ളവയ്ക്ക് സീറ്റ് ഒന്നിന് 750/- രൂപയായും കുറയ്ക്കുകയും 20 സീറ്റിന് മുകളിൽ യാത്രക്കാരുള്ള കോൺട്രാക്ട് ക്യാരേജുകളുടെ ത്രൈമാസ നികുതി സീറ്റ് ഒന്നിന് 1000/-രൂപയായി നിലനിർത്തുകയും ചെയ്തു. അതുപോലെതന്നെ സ്ലീപ്പർ ബെർത്ത് കോൺട്രാക്ട് ക്യാരേജുകളുടെ ത്രൈമാസ നികുതി 2000/- രൂപയായി വർദ്ധിപ്പിച്ചത് മേൽപ്പറഞ്ഞ പ്രകാരം യഥാക്രമം 1000/- രൂപ, 1500/- രൂപ, 2000/- രൂപ എന്നീ നിരക്കുകളിൽ പുന:ക്രമീകരിച്ചു

6. പഴയ മോട്ടോർ ക്യാബുകൾക്കും ടൂറിസ്റ്റ് മോട്ടോർ ക്യാബുകൾക്കും 5 വർഷത്തേയ്ക്ക് നിർബന്ധമാക്കിയ ലംസം ടാക്സ് വാഹന ഉടമകളുടെ ഇഷ്ടാനുസരണം ഒരു വർഷത്തേയ്ക്കോ 5 വർഷത്തേയ്ക്കോ അടയ്ക്കാവുന്നതാണെന്ന ഭേദഗതി വരുത്തി.

രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ അനുബന്ധം - II ആയി ചേർത്തിരിക്കുന്നു

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്